REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-12-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- തദ്ദേശ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്ത് മെച്ചപ്പെട്ട പോളിംഗ്. ഉച്ചയ്ക്ക് 12 ഓടെ 40 ശതമാനത്തിലേറെപ്പേർ വോട്ടു ചെയ്തു.
- മുൻ രാഷ്ട്രപതി പ്രണബ് മുഖർജിയുടെ ജന്മവാർഷിക ദിനത്തിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയും സ്മരണാഞ്ജലി അർപ്പിച്ചു.
- കൊല്ലം മൈലക്കാട് നിർമാണത്തിലിരുന്ന ദേശീയ പാത തകർന്ന സംഭവത്തിൽ ദേശീയപാത അതോറിറ്റി കർശന നടപടിയെടുത്തു.
- 30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തിരി തെളിയും.
- ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം വൈകിട്ട് ന്യൂചണ്ഡിഗഢിൽ.

## വാർത്തകൾ വിശദമായി

തദ്ദേശ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്ത് മെച്ചപ്പെട്ട പോളിംഗ്. 12 മണിയോടെ 40 ശതമാനത്തിലേറെ ശരാശരി പോളിംഗ് രേഖപ്പെടുത്തി.

തൃശൂരിൽ 40 ശതമാനത്തിന് മുകളിലും, പാലക്കാട്ട് 41.5 ശതമാനവും പോളിംഗ് ആണ് ഉണ്ടായത്. മലപ്പുറത്ത് 42.5 ശതമാനത്തിലേറെയും, കോഴിക്കോട് 40.7 ശതമാനത്തോളവും, വയനാട്ടിൽ 40.5 ശതമാനത്തോളവും പോളിംഗ് ഉണ്ടായി. കണ്ണൂരിൽ 39.25 ശതമാനമാണ് ഈ സമയത്ത് പോളിംഗ് ഉണ്ടായത്. കാസർകോട്ട് 39.3 ശതമാനത്തിലേറെയും പോളിംഗ് ഉണ്ടായി.

**തൃശൂർ മുതൽ കാസർകോട് വരെ ഏഴ് ജില്ലകളിലെ 604 തദ്ദേശ സ്ഥാപനങ്ങളിലാണ് രണ്ടാം ഘട്ടത്തിൽ ജനവിധി രേഖപ്പെടുത്തുന്നത്. ഈ ജില്ലകളിൽ ഒരു കോടി 53 ലക്ഷത്തിൽപ്പരം വോട്ടർമാരുണ്ട്.**

✪✪✪

**തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ തൃശൂർ മുതൽ കാസർകോട് വരെ ഏഴു ജില്ലകളിൽ പോളിംഗ് പുരോഗമിക്കുന്നു. ആകാശവാണി പ്രതിനിധികളുടെ റിപ്പോർട്ട്.**

**തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.**

**....(വോയ്സ്).....**

**പാലക്കാട് നിന്ന് ഫൈസൽ അലിമുത്ത്.**

**...(വോയ്സ്)....**

**മലപ്പുറത്ത് നിന്ന് സുരേഷ് ബാബു**

**.....(വോയ്സ്)....**

**കോഴിക്കോട് നിന്ന് നസീർബാബു.**

**....(വോയ്സ്)...**

**വയനാട്ടിൽ നിന്ന് അരുൺ വിൻസെന്റ്.**

**.....(വോയ്സ്)....**

**കണ്ണൂരിൽ നിന്ന് KO ശശിധരൻ**

**.....(വോയ്സ്)...**

**കാസർകോട്ട് നിന്ന് P ജഗന്നിവാസൻ.**

**....(വോയ്സ്)...**

✪✪✪

**BJP മുൻ സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻഅത്തോളി കോഴിക്കോട് മൊടക്കല്ലൂർ AUP സ്കൂളിൽ വോട്ട് ചെയ്തു. ഡോ. MK മുനീർ കോഴിക്കോട്ട് സെന്റ് മൈക്കിൾസ് സ്കൂളിലും വോട്ട് ചെയ്തു. LDF കൺവീനർ TP രാമകൃഷ്ണൻ നൊച്ചാട് ഹയർ സെക്കന്ററി സ്കൂളിലും വോട്ട് രേഖപ്പെടുത്തി.**

**മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി തങ്ങളും PK കുഞ്ഞാലിക്കുട്ടിയും മലപ്പുറത്ത് വോട്ടു ചെയ്തു. മന്ത്രി MB രാജേഷ് പാലക്കാട്, ചളവറ കുയിലിയാട് KV യുപി സ്കൂളിൽ രാവിലെ വോട്ട് രേഖപ്പെടുത്തി.**

കോൺഗ്രസ് MP രാജ്മോഹൻ ഉണ്ണിത്താൻ കാഞ്ഞങ്ങാട് സൗത്ത് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെത്തിയാണ് വോട്ട് ചെയ്തു.

✪✪✪

വരുന്ന ഡിസംബർ 20ന് കാലാവധി പൂർത്തികാത്ത തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കുന്ന അംഗങ്ങളുടെ സത്യപ്രതിജ്ഞ കാലാവധിക്ക് അനുസൃതമായി ഈ മാസം 22 മുതൽ ഫെബ്രുവരി ഒന്നുവരെയായിരിക്കും നടത്തുകയെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. മറ്റിടങ്ങളിൽ ഡിസംബർ 21നായിരിക്കും സത്യപ്രതിജ്ഞാ ചടങ്ങ്.

✪✪✪

കണ്ണൂർ പാപ്പിനിശ്ശേരി പഞ്ചായത്തിലെ പതിനെട്ടാം വാർഡിൽ വോട്ടിംഗ് യന്ത്രത്തിന് തകരാർ ഉണ്ടായി. പുതിയ യന്ത്രം എത്തിച്ചെങ്കിലും ഈ യന്ത്രത്തിലും തകരാർ ഉണ്ടായതിനെ തുടർന്ന് പോളിംഗ് വൈകി.

കുഞ്ഞിമംഗലം ഗവ. മാപ്പിള LP സ്കൂളിലെ ബൂത്ത് നമ്പർ ഒന്നിലെ വോട്ടിങ്ങ് യന്ത്രം തകരാറിലായതിനായതിനാൽ ഒന്നേ കാൽ മണിക്കൂറോളം വോട്ടെടുപ്പ് തടസപ്പെട്ടു.

കോഴിക്കോട് ജില്ലയിൽ കൊടിയത്തൂർ, തിരുവമ്പാടി, കാരശ്ശേരി എന്നിവിടങ്ങളിലും സാങ്കേതിക തകരാറിനെ തുടർന്ന് വോട്ടിംഗ് മന്ദഗതിയിലായി. തകരാർ പരിഹരിച്ച് വോട്ടിംഗ് പുനഃരാരംഭിച്ചു.

✪✪✪

കണ്ണൂർ മൊറാഴ സൗത്ത് LP സ്കൂളിൽ വോട്ടു ചെയ്യാൻ എത്തിയ യുവാവ് കുഴഞ്ഞു വീണ് മരിച്ചു. മൊറാഴ സ്വദേശി KP സുധീഷ് ആണ് മരിച്ചത്. ലോട്ടറി വില്പന തൊഴിലാളിയാണ്. മൃതദേഹം പരിയാരം ഗവ. മെഡിക്കൽ കോളേജിലേക്ക് മാറ്റി.

✪✪✪

13-ാമത് രാഷ്ട്രപതിയായിരുന്ന പ്രണബ് മുഖർജിയുടെ ജന്മവാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത്ഷാ തുടങ്ങിയവർ സ്മരണാഞ്ജലി അർപ്പിച്ചു.

പതിറ്റാണ്ടുകളുടെ പൊതുജീവിതത്തിൽ അചഞ്ചല സമർപ്പണത്തോടെ പ്രണബ് മുഖർജി രാജ്യത്തെ സേവിച്ചുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. പ്രണബ് മുഖർജിയുടെ ബുദ്ധിശക്തിയും ചിന്തയിലെ വ്യക്തതയും രാജ്യത്തിന്റെ ജനാധിപത്യത്തെ ഓരോ ഘട്ടത്തിലും സമ്പന്നമാക്കിയെന്നും പ്രധാനമന്ത്രി പറഞ്ഞു.

പ്രണബിന്റെ ജീവിതവും പ്രവർത്തനങ്ങളും രാജ്യത്തിന്റെ ജനാധിപത്യ യാത്രയ്ക്ക് പ്രചോദനം നൽകുന്നത് തുടരുമെന്ന് അമിത്ഷാ പറഞ്ഞു.

✪✪✪

തിരഞ്ഞെടുപ്പ് കമ്മീഷനെപ്പറ്റിയും, തിരഞ്ഞെടുപ്പ് പരിഷ്ക്കരണത്തെപ്പറ്റിയും ലോക്സഭയിൽ ആഭ്യന്തരമന്ത്രി അമിത്ഷാ നൽകിയ മറുപടി പ്രശംസനീയമാണെന്ന് കേന്ദ്രമന്ത്രി അർജ്ജുൻ റാം മെഘ്വാൾ വിലയിരുത്തി. പരിഷ്ക്കരണ നടപടികളെക്കുറിച്ച് പ്രതിപക്ഷം പരത്തുന്ന തെറ്റായ പ്രചാരണങ്ങൾക്ക് ആഭ്യന്തരമന്ത്രി തക്ക മറുപടി നൽകിയതായി BJP MP മാർ അഭിപ്രായപ്പെട്ടു.

✪✪✪

പെട്രോളിൽ 20 ശതമാനം എഥനോൾ ചേർത്ത് തുടങ്ങിയതോടെ രാജ്യത്തിന്റെ കാർബൺഡയോക്സൈഡ് ബഹിർഗമനം 736 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ലോക്സഭയെ അറിയിച്ചു. എഥനോൾ ഹരിത ഇന്ധനമാണെന്നും, മലിനീകരണം കുറയ്ക്കുന്നതിനൊപ്പം കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും ഇതുവഴി സാധ്യമാകുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. നിലവിൽ 22 ലക്ഷം കോടി രൂപയുടെ പെട്രോളിയമാണ് ഇന്ത്യ ഇറക്കുമതി ചെയ്യുന്നതെന്നും ഗഡ്കരി വെളിപ്പെടുത്തി.

✪✪✪

സുപ്രീംകോടതിയുടെ നിർമ്മിത ബുദ്ധി കമ്മിറ്റി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സൂര്യകാന്ത് പുനഃസംഘടിപ്പിച്ചു. നീതിന്യായ രംഗത്ത് നിർമ്മിതബുദ്ധി ഉപയോഗം, വികസനം, വിന്യാസം തുടങ്ങിയവയുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്ക് മേൽനോട്ടം നൽകാനാണ് AI കമ്മിറ്റി രൂപീകരിച്ചത്. സുപ്രിംകോടതി ജഡ്ജി PS നരസിംഹ അഞ്ചംഗ സമിതിയ്ക്ക് നേതൃത്വം നൽകും.

✪✪✪

പുതിയ തൊഴിൽനിയമ പ്രകാരം ഫാക്ടറി ഉടമകൾ തൊഴിലാളികളെ 12 മണിക്കൂർ ജോലി ചെയ്യാൻ നിർബന്ധിക്കുമെന്ന് പ്രചരിപ്പിക്കുന്ന സാമൂഹ്യ മാധ്യമ വീഡിയോ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ അറിയിച്ചു. പുതിയ തൊഴിൽ നിയമം അനുസരിച്ച് തൊഴിലാളികളുടെ ഓവർ ടൈം ജോലിയ്ക്ക് ഇരട്ടി വേതനം നൽകണമെന്നും, ഓവർടൈമിന് തൊഴിലാളിയുടെ സമ്മതം നിർബന്ധമാണെന്നും PIB യുടെ വസ്തുതാന്വേഷണ യൂണിറ്റ് വ്യക്തമാക്കി.

✪✪✪

വിമാനസർവീസുകൾ വ്യാപകമായി മുടങ്ങാനും കാലതാമസം നേരിടാനും ഇടയാക്കിയ സംഭവങ്ങളെ തുടർന്ന് ഇൻഡിഗോയുടെ ഗുരുഗ്രാമിലെ ആസ്ഥാനത്ത് വ്യോമയാന ഡയറക്ടറേറ്റ്, മേൽനോട്ട സമിതി

രൂപീകരിച്ചു.യാത്രക്കാരുടെ അസൗകര്യങ്ങൾ പരിഹരിക്കാനാണ് ഈ നീക്കമെന്ന് DGCA അറിയിച്ചു.

✪✪✪

2023-24 സാമ്പത്തിക വർഷം യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ സഞ്ചരിക്കാൻ റെയിൽവെ 60,000 കോടി രൂപയിലേറെ സബ്സിഡി നൽകിയതായി റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭയെ അറിയിച്ചു. യാത്രാനിരക്കിന്റെ 45 ശതമാനത്തോളമാണ് ഈ തുകയെന്ന് അദ്ദേഹം പറഞ്ഞു. റെയിൽവെ യാത്രാനിരക്ക് ലോകത്തെ ഏറ്റവും കുറഞ്ഞ തോതിലാണെന്നും അദ്ദേഹം വിശദീകരിച്ചു.

കഴിഞ്ഞ സാമ്പത്തിക വർഷം 1,617 മില്യൺ ടൺ ചരക്ക് റെയിൽവെ കൈകാര്യം ചെയ്തതായും അശ്വിനി വൈഷ്ണവ് വെളിപ്പെടുത്തി.

✪✪✪

കൊല്ലം മൈലക്കാട് നിർമാണത്തിലിരുന്ന ദേശീയ പാത തകർന്ന സംഭവത്തിൽ ദേശീയപാത അതോറിറ്റി കർശന നടപടി എടുത്തു. ശിവാലയ നിർമ്മാണ കമ്പനിയെയും, സ്വതന്ത്ര എഞ്ചിനീയർ സത്ര ജെവിയെയും അതോറിറ്റി സസ്പെൻഡ് ചെയ്തു. രണ്ട് സ്ഥാപനങ്ങൾക്കും കാരണം കാണിക്കൽ നോട്ടീസ് നൽകിയ അതോറിറ്റി , പിഴയും ചുമത്തിയിട്ടുണ്ട്. NH-66 ൽ മണ്ണ് പരിശോധനയ്ക്ക് ജിയോ ടെക്നിക്കൽ ഏജൻസികളെയും ദേശീയ പാത അതോറിറ്റി നിയോഗിച്ചു. ദേശീയ പാതയുടെ സുരക്ഷയും ഗുണ നിലവാരവും അടിസ്ഥാന സൗകര്യവും വർധിപ്പിക്കുന്നതിലെ പ്രതിബദ്ധത അതോറിറ്റി ആവർത്തിച്ചു.

✪✪✪

ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ പേരുകൾ നിർദേശിക്കാൻ ജസ്റ്റിസ് സുധാൻഷു ശുക്ല സമിതിയ്ക്ക് സുപ്രീം കോടതി നിർദേശം നൽകി. അടുത്ത ബുധനാഴ്ചക്കകം മുദ്രവച്ച കവറിൽ സുപ്രീം കോടതിക്ക് പേരുകൾ സമർപ്പിക്കാനാണ് നിർദേശം. ഈ മാസം 18 ന് കോടതി വീണ്ടും വിഷയം പരിഗണിക്കും.

ഗവർണറും സംസ്ഥാന ഗവൺമെന്റും തമ്മിൽ നിയമനകാര്യത്തിൽ സമവായത്തിലെത്താൻ കഴിയാത്തതിനെ തുടർന്നാണ് സുപ്രീം കോടതി നിർദേശം.

✪✪✪

30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തിരി തെളിയും. നിശാഗന്ധി ഓഡിറ്റോറിയത്തിൽ വൈകിട്ട് ആറിനാണ് ഉദ്ഘാടന ചടങ്ങ്.. മീഡിയ സെന്റർ വൈകിട്ട് മൂന്നിന് മുൻ ചീഫ് സെക്രട്ടറി

ഡോ. K ജയകുമാർ ഉദ്ഘാടനം ചെയ്യും. ഈ മാസം 19 വരെ മേളയിൽ 26 വിഭാഗങ്ങളിലായി 82 രാജ്യങ്ങളിലെ 206 ചിത്രങ്ങൾ പ്രദർശിപ്പിക്കും.

ആൻമേരി ജാസിർ സംവിധാനം ചെയ്ത 'പലസ്തീൻ 36' ആണ് മേളയുടെ ഉദ്ഘാടന ചിത്രം.

സ്പിരിറ്റ് ഓഫ് സിനിമ അവാർഡ്, കനേഡിയൻ ചലച്ചിത്രകാരി കെല്ലി ഫൈഫ് മാർഷലിന് സമ്മാനിക്കും.

ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് പാസ്സ് വിതരണം ആരംഭിച്ചു. ടാഗോർ തിയേറ്ററിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ ദിവ്യ S അയ്യർ ചലച്ചിത്ര താരം ലിജോമോൾ ജോസിന് ഡെലിഗേറ്റ് കിറ്റ് നൽകി വിതരണം ഉദ്ഘാടനം ചെയ്തു. ചലച്ചിത്ര അക്കാദമി വൈസ് ചെയർ പേഴ്സൺ കുക്കു പരമേശ്വരൻ ചടങ്ങിൽ അധ്യക്ഷയായിരുന്നു.

✪✪✪

ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. വൈകിട്ട് ഏഴിന് ന്യൂചണ്ഡിഗഢിലെ മുലൻപൂർ ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

സൂര്യകുമാർ യാദവ് നേതൃത്വം നൽകുന്ന ടീം ഇന്ത്യ അഞ്ച് മത്സര പരമ്പരയിൽ ഒന്ന് ജയിച്ച് മുന്നിട്ട് നിൽക്കുകയാണ്. മൂന്നാം മത്സരം ധർമ്മശാലയിലും നാലാം മത്സരം ലഖ്നൗവിലും അവസാന മത്സരം അഹമ്മദാബാദിലുമാണ്.

✪✪✪

സൂപ്പർ ലീഗ് കേരള സീസൺ രണ്ടിലെ സെമി ഫൈനൽ മത്സരങ്ങൾ പുനഃക്രമീകരിച്ചു. ആദ്യ സെമി ഈ മാസം 14ന് കോഴിക്കോട്ട് EMS സ്റ്റേഡിയത്തിലായിരിക്കും. വൈകിട്ട് ഏഴരയ്ക്ക് കാലിക്കറ്റ് FC കണ്ണൂർ വാരിയേഴ്സിനെ നേരിടും. രണ്ടാം സെമി ഡിസംബർ 15നാണ്. തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ തൃശ്ശൂർ മാജിക് FC- മലപ്പുറം FCയെ വൈകിട്ട് ഏഴരയ്ക്ക് നേരിടും. ഫൈനൽ മത്സരത്തിന്റെ തിയതി പിന്നീട് അറിയിക്കും.

✪✪✪

ഇന്ത്യൻ കൾച്ചറൽ കോൺഗ്രസിന് ഈ മാസം 20ന് കൊച്ചിയിൽ തുടക്കമാകും. മൂന്ന് ദിവസത്തെ സാംസ്കാരിക കോൺഗ്രസിൽ വിവിധ സംസ്ഥാനങ്ങളിലെ കലാ-സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുക്കും. മുഖ്യമന്ത്രി പിണറായി വിജയൻ സാംസ്കാരികോത്സവം ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരത്ത് കൾച്ചറൽ കോൺഗ്രസ് ലോഗോ ഡോ.M ലീലാവതി പ്രകാശനം ചെയ്തു. നാടക പ്രവർത്തക നിലമ്പൂർ ആയിഷ മുഖ്യാതിഥിയായിരുന്നു.

✪✪✪

**മലയാള നാടക വേദിക്കു നൽകിയ സമഗ്ര സംഭാവനകൾ മുൻനിർത്തി വഞ്ചിയൂർ ശ്രീചിത്തിര തിരുനാൾ ഗ്രന്ഥശാലയുടെ "വായനശാല കേശവപിള്ള അവാർഡിന് പ്രൊഫസർ അലിയാർ അർഹനായി. 15,000 രൂപയും ശില്പവും അടങ്ങുന്ന അവാർഡ് വൈകിട്ട് തൈക്കാട് ഭാരത് ഭവനിൽ ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ പ്രൊഫസർ അലിയാർക്ക് സമ്മാനിക്കും.**

✪✪✪

**ഈ വർഷത്തെ ഇടശ്ശേരി പുരസ്കാരം ഗിരീഷ് കളത്തിലിന്റെ 'ഒച്ചയും കാഴ്ചയും', ഡോ. ചന്ദ്രദാസന്റെ 'റിയലി സോറി, ഇതൊരു ഷേയ്ക്പിയർ നാടകമല്ല' എന്നീ കൃതികൾ അർഹമായി.**

**ഇടശ്ശേരി സ്മാരക സമിതിയും മഹാകവി ഇടശ്ശേരി സ്മാരക ട്രസ്റ്റും ചേർന്ന് ഏർപ്പെടുത്തിയ പുരസ്കാരം ഈ മാസം അവസാനം പൊന്നാനിയിൽ സമ്മാനിക്കും.**

✪✪✪

**ശബരിമല മണ്ഡല പൂജാ തലേന്നും, പൂജാനാളിലും ദർശനത്തിന് വെർച്വൽ ക്യൂ ബുക്കിംഗ് വൈകിട്ട് അഞ്ചിന് ആരംഭിക്കും. ഡിസംബർ 26 ന് 30,000 പേർക്കും, മണ്ഡല പൂജാ ദിവസം 35,000 പേർക്കും വെർച്വൽ ക്യൂ വഴി ദർശനത്തിന് അവസരം നൽകും. രണ്ടു ദിവസവും സ്പോട് ബുക്കിംഗിലൂടെ 5,000 പേർക്ക് വീതം ദർശനാവസരം ലഭിക്കും.**

✪✪✪

---

*News Editor : ശ്രുതി എം*
*News Reader : അനിൽ ചന്ദ്രൻ*
*NRTs: രജിന കെ*
*DEO : ഷീബ*